"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാംസ്കാരികകാര്യ വകുപ്പ്- 2024-25 സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന ആനിമേഷൻ-വിഷ്വൽ എഫക്ട്സ് ഗെയിമിംഗ് കോമിക്സ് (ഗെയിമിംഗ്-ആനിമേഷൻ ഹാബിറ്റാറ്റ്), മഴമിഴി പദ്ധതികൾ- ഭരണാനുമതി/ധനവിനിയോഗാനുമതി നൽകുന്നത് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാംസ്കാരികകാര്യ(സി)വകുപ്പ്

സ.ഉ.(സാധാ) നം.292/2024/CLAD തീയതി,തിരുവനന്തപുരം, 06-06-2024

---

പരാമർശം:-
1. സ.ഉ.(സാധാ) നം.261/2024/സാം.ക.വ തീയതി 27.05.2024
2. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 24.05.2024-ലെ പി4-650/24/സാം.വ നമ്പർ കത്ത്
3. 27.05.2024-ലെ വർക്കിംഗ് ഗ്രൂപ്പ് യോഗനടപടിക്കുറിപ്പ്

<u>ഉത്തരവ്</u>

സാംസ്കാരിക വകുപ്പദ്ധ്യക്ഷകാര്യാലയം 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന് തുടർന്ന് താഴെപ്പറയുന്ന പദ്ധതികൾക്ക് പരാമർശം (2) പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ പ്രൊപ്പസലുകൾ സമർപ്പിക്കുകയും ഭരണാനുമതിയ്ക്കായി അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. 27.05.2024-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പസലുകൾ പരിശോധിക്കുകയും നിബന്ധകൾക്ക് വിദേയമായി അംഗീകരിക്കുകയും ചെയ്തു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. താഴെപ്പറയുന്ന പദ്ധതികൾ ചുവടെ പറയും പ്രകാരമുള്ള വിശദമായ പദ്ധതി ഘടകൾക്കായി വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകിയും തുക വിനിയോഗിക്കുന്നതിനുമുള്ള അനുമതി സാംസ്കാരിക വകുപ്പ് ഡയറക്ടർ/ പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് നൽകിയും ഉത്തരവാകുന്നു.

1. <u>ആനിമേഷൻ-വിഷ്വൽ എഫക്ട്സ് ഗെയിമിംഗ് കോമിക്സ് (ഗെയിമിംഗ് ആനിമേഷൻ</u>

ഹാബിറ്റാറ്റ്)

ബഡ്ജറ്റ് ശീർഷകം : 2205-00-102-73 ( പ്ലാൻ)

തുക : ₹ 25,00,000/-( ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)

പദ്ധതിനിർവ്വഹണ ഏജൻസി :-കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ

(മുൻ വർഷത്തെ ഭരണാനുമതി ഉത്തരവ് : സ.ഉ.(സാധാ)നം.427/2023/സാം.കാ.വ തീയതി 17.08.2023 )

പദ്ധതിയ്ക്ക് കെ.എസ്.എഫ്.ഡി.സി യുടെ നിലവിലുള്ള സ്ഥല സൗകര്യം ഉപയോഗിക്കണമെന്ന നിബന്ധകളോടെ താഴെപ്പറയുന്ന പദ്ധതി ഘടകങ്ങൾക്കായി തുക വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നു.

| ക്രമ നം. | ഇന വിവരം | തുക ലക്ഷത്തിൽ |
|---|---|---|
| 1. | a) ഡി.പി.ആർ തയ്യാറാക്കുന്നതിന് (ആകെ തുകയുടെ 5%) | 15 |
| | b) അടിസ്ഥാന സൗകര്യ വികസനം(പുതിയ ഓഫീസ്, ഇലക്ട്രിക്കൽ ഫിറ്റിംഗ്സ്, കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ) | 10 |
| | ആകെ | 25 |

2. മഴമിഴി നവമാധ്യമ കലാപരിപാടി

ബഡ്ജറ്റ് ശീർഷകം : 2205-00-800-30( പ്ലാൻ)

തുക : 1,00,00,000/-( ഒരു കോടി രൂപ മാത്രം)

പദ്ധതിനിർവ്വഹണ ഏജൻസി : ഭാരത് ഭവൻ

(മുൻ വർഷത്തെ ഭരണാനുമതി ഉത്തരവുകൾ : സ.ഉ.(സാധാ)നം.228/2023/സാം.കാ.വ. തീയതി 18.05.2023)

പദ്ധതിയ്ക്ക് താഴെപ്പറയുന്ന നിബന്ധകളോടെ തുക വിനിയോഗക്കുന്നതിന് അനുമതി നൽകുന്നു.

1. പരിപാടികൾ നടത്തുന്ന ജില്ലകൾ, വേദികൾ,ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ വിശദാംശങ്ങൾ എന്നിവ അടങ്ങിയ വിശദമായ പ്രൊപ്പസൽ സർക്കാരിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

2. പ്രതിഫലം, ഹോണറേറിയം, യാത്രപ്പടി മുതലായവ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ

പ്രകാരമാകണം നൽകേണ്ടത്.

| ക്രമ നം. | ഇന വിവരം | തുക ലക്ഷത്തിൽ |
|---|---|---|
| 1 | കടൽമിഴി തീരദേശ സർഗ്ഗയാത്രയിൽ പങ്കെടുക്കുന്ന 1400 കലാപ്രതിഭകളുടെ പ്രതിഫലം<br><br>Rs 3000 X 1400 = 42,00,000/- | 42 |
| 2 | പ്രസ്തുത അവതരണങ്ങൾ 4 ക്യാമറകൾ ഉപയോഗിച്ച് ചിത്രീകരിക്കുന്നതിനുള്ള ലൈവ് കൺസോൾ, സാങ്കേതിക പ്രവർത്തകരുടെ വേതനം ഉൾപ്പെടെ ഒരു ജില്ലയിൽ 47,000/- രൂപ നിരക്കിൽ മൂന്നു ദിവസം 9 ജില്ലകളിലെ പ്രതിഫല തുക<br><br>Rs 47000 X 3 X9= 12,69,000/- | 12.69 |
| 3 | ജില്ലകളിലെ നേരിട്ടുള്ള അവതരണങ്ങൾക്ക് ആവശ്യമായ രംഗസംവിധാനം, ദീപ-ശബ്ദ സംവിധാനം, ആർട്ട് വർക്ക് എന്നി ഇനങ്ങളിൽ ഒരു ജില്ലയിൽ 1.5 ലക്ഷം രൂപ നിരക്കിൽ 9 ജില്ലകളിലേക്ക് വേണ്ട തുക<br><br>Rs 1,50,000 X 9= 13,50,000/- | 13.50 |
| 4 | എഡിറ്റിംഗ്, ഗ്രാഫിക്സ്, സബ് ടൈറ്റിൽ | 2 |
| 5 | ചിത്രീകരണത്തിനായി പോകുന്ന സാങ്കേതിക പ്രവർത്തകരുടെ താമസ, ഭക്ഷണ,യാത്രാ ഇനത്തിലെ ചിലവുകൾ, ചിത്രീകരണത്തിൽ പങ്കെടുക്കുന്ന കലാസംഘങ്ങളുടെ ഭക്ഷണം, ടി.എ തുടങ്ങിയ ഇനങ്ങളിലേയും തുക ഒരു ജില്ലയിൽ 1,25,000/- രൂപ നിരക്കിൽ 9 ജില്ലകളിലേക്ക്<br><br>Rs. 1,25,000 X9 = 11,25,000/- | 11.25 |
| 6 | 9 ജില്ലകളിലേയും അവതരണങ്ങളുടെ സ്ക്രിപ്റ്റ് നരേഷൻ, വോയിസ് ഓവർ, സ്റ്റുഡിയോ റെന്റ് ഇനങ്ങളിലെ തുക . | 1.5 |

| | | |
|---|---|---|
| 7 | അവതരണങ്ങൾ ഏകോപിപ്പിക്കുന്ന കോ-ഓർഡിനേറ്റർമാരുടെ പ്രതിഫലം 9 ജില്ലകളിലേക്ക് | 3.00 |
| 8 | കടൽമിഴി തീരദേശ സർഗ്ഗയാത്ര 2024 യുടെ വാർത്താ പ്രചരണത്തിനായി 9 ജില്ലകളിലേക്ക് തയ്യാറാക്കുന്ന ബ്രോഷർ, മൊമെന്റോകൾ എന്നിവയ്ക്കായി വേണ്ട തുക | 1.75 |
| 9 | അവതാരകരുടെ പ്രതിഫലം - 9 ജില്ലകളിലേക്ക്<br><br>(ഒരു ജില്ലയിൽ രണ്ടു അവതാരകർ വീതം 9 ജില്ലകളിലേക്ക് 18 അവതാരകർക്ക് 6000/- രൂപ നിരക്കിലെ പ്രതിഫലം) | 1.62 |
| 10 | അപ്രതീക്ഷിത ചെലവുകൾ | 0.68 |
| 11 | കടൽമിഴി തീരദേശ സർഗ്ഗയാത്രയുടെ 9 മേഖലകളിലെ സർഗ്ഗോത്സവങ്ങൾക്ക് ഒടുവിൽ കടൽമിഴി തീരദേശ സർഗ്ഗയാത്രയുടെ സമാപനം, ഓൺ ലൈൻ വെബ്കാസ്റ്റ് ഉദ്ഘാടനം കടൽമിഴി തീരദേശ സർഗ്ഗയാത്ര 2024 ന്റെ സമാപന വേളയിൽ സംസ്ഥാന തലത്തിൽ പങ്കെടുക്കുന്ന കലാസംഘത്തിന്റെ അവതരണം, സർട്ടിഫിക്കറ്റ്, മൊമെന്റോ എന്നിവയ്ക്ക് വേണ്ടിവരുന്ന പ്രതീക്ഷിത ചെലവ് | 10.00 |
| | ആകെ | 99.99 |

ഇപ്രകാരം പുറപ്പെടുവിക്കുന്ന ഭരണാനുമതി ഉത്തരവ് താഴെപ്പറയുന്ന നിബന്ധനകൾക്ക് കൂടി വിധേയമായിരിക്കും.

1 . പദ്ധതി നടത്തിപ്പിലേയ്ക്ക് നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും നിർബന്ധമായും പാലിക്കേണ്ടതാണ്.

2. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് പർച്ചേസുകൾ ( ഐ.ടി അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ) സ്റ്റോർ പർച്ചേസ് ചട്ടങ്ങൾക്കും IT Procurement മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടും വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

3. പദ്ധതി ഘടകങ്ങൾക്കുള്ള തുക ബന്ധപ്പെട്ട നിർവഹണ ഏജൻസിയ്ക്ക് നൽകുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകുന്നു. ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക

പിൻവലിക്കാൻ പാടുള്ളൂ.

4. തുകയുടെ ശരിയായ വിനിയോഗം യഥാസമയങ്ങളിൽ സാംസ്കാരിക വകുപ്പ് ഡയറക്ടറും ബന്ധപ്പെട്ട പദ്ധതി നിർവഹണ ഏജൻസിയും മേൽനോട്ടം വഹിക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുമ്പോൾ ധനവിനിയോഗ സാക്ഷ്യപത്രവും വിശദമായ ധനവിനിയോഗ പത്രികയും സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കേർപ്പറേഷൻ

മെമ്പർ സെക്രട്ടറി,ഭാരത് ഭവൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ ) കേരളം, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ചീഫ്, സോഷ്യൽ സർവ്വീസസ് ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( വിദ്യാഭ്യാസ (സി) വകുപ്പ് )

സാംസ്കാരികകാര്യ(ബി) വകുപ്പ് (27.05.2023 ലെ 62/ബി3/2024-സാം.കാ.വ നമ്പർ വർക്കിംഗ് ഗ്രൂപ്പ് യോഗനടപടിക്കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (CLAD-സി2/110/2024-CLAD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ് - ന്

സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറിയുടെ സി.എ-യ്ക്ക്

സാംസ്കാരികകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്

ഡെപ്യൂട്ടി സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്